(ഡി) പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറിന്റെ ഒരു പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.

പറമ്പിക്കുളം-പദ്ധതിയിലെ അണക്കെട്ടുകളുടെ വെള്ളം അളക്കാൻ സംവിധാനം

83 [3471] ശ്രീമതി രാധാരാഘവൻ:
ശ്രീ. വർക്കല കഹാർ:
,, എ. പി. അനിൽകുമാർ:
,, ടി. എൻ. പ്രതാപൻ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം പദ്ധതിയിലെ മൂന്ന് അണക്കെട്ടുകളിൽനിന്നും സംഭരിക്കുന്ന വെള്ളമെല്ലാം തുണക്കടവിൽ നിന്നും തമിഴ്നാട്ടിലെ സർക്കാർ പദ്ധതിയിലേക്ക് കൊണ്ടുപോകുന്നുണ്ടോ;

(ബി) അതിനുവേണ്ടി ഒരു കനാൽ നിർമ്മിച്ചിട്ടുണ്ടോ;

(സി) ഈ കനാലിൽ വച്ച് വെള്ളമളക്കുവാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) ഇവിടെവച്ച് മറ്റൊരു സ്ഥലത്തേക്ക് വെള്ളം കടത്താൻ മാർഗ്ഗമുണ്ടോ;

(എഫ്) എങ്കിൽ ഇവിടെവച്ച് സർക്കാർ പദ്ധതിയിലേക്കും ഇതുവഴി ആളിയാറിലേക്കും തിരുമൂർത്തിയിലേക്കും എത്രവെള്ളം ദിവസവും കൊണ്ടുപോകുന്നു എന്ന് അളക്കുവാനുള്ള ഏർപ്പാടുണ്ടാക്കുമോ;

(ജി) ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു ലീഡിംഗ് ചാനലും ടണലും നിർമ്മിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ആളിയാറിലേക്കും തിരുമൂർത്തിയിലേക്കും ദിവസവും കൊണ്ടു പോകുന്ന വെള്ളം ഇപ്പോൾ അളക്കുന്നുണ്ട്.

(ജി) ചോദ്യം ഉദിക്കുന്നില്ല.

പറമ്പിക്കുളം-ആളിയാർ അണക്കെട്ട്

84 [3472] ശ്രീ. അടൂർ പ്രകാശ്:

,, എം. എ. ചന്ദ്രശേഖരൻ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-ആളിയാർ അണക്കെട്ട് ഏത് സംസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത്;

(ബി) ഏതെല്ലാം മലകളെ യോജിപ്പിച്ചുകൊണ്ടാണ് ഈ അണക്കെട്ട് ഉണ്ടാക്കിയിട്ടുള്ളത്;

(സി) ഈ ജലസംഭരണി ഏത് സംസ്ഥാനത്ത് സ്ഥിതിചെയ്യുന്നു;

(ഡി) ഈ ജലസംഭരണിയിലേക്ക് എവിടെനിന്ന് ഉത്ഭവിക്കുന്ന നദികളിലെ വെള്ളമാണ് എത്തിച്ചേരുന്നത്;

(ഇ) സംസ്ഥാനത്ത് നിന്ന് ഉത്ഭവിക്കുന്ന ഏതെല്ലാം നദികളിലൂടെ ഈ ജല സംഭരണിയിൽ വെള്ളം എത്തുന്നു; ഈ ജല സംഭരണിയിൽ എത്തുന്ന വെള്ളത്തിന്റെ അളവെത്ര;

(എഫ്) എവിടെയെല്ലാം വച്ച് ഈ വെള്ളം അളക്കുന്നു;

(ജി) തമിഴ്നാട്ടിൽ നിന്നും ഉത്ഭവിക്കുന്ന നദികളിലൂടെ ഈ ജലസംഭരണിയിൽ എത്തുന്ന വെള്ളമെത്ര;

(എച്ച്) ഈ ജലസംഭരണി സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തിന് ഇതിന്റെ നിയന്ത്രണമുണ്ടോ; ഇല്ലെങ്കിൽ അത് നേടിയെടുക്കുവാൻ നടപടി എടുക്കാത്തതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിക്ക് കീഴിലുള്ള പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം, കേരള ഷോളയാർ എന്നീ അണക്കെട്ടുകൾ കേരള അതിർത്തിക്കുള്ളിലും ലോവർ നീരാർ, തമിഴ്നാട് ഷോളയാർ, ആളിയാർ, തിരുമൂർത്തി, അപ്പർ ആളിയാർ എന്നീ അണക്കെട്ടുകളും അപ്പർ നീരാർ വിയറും തമിഴ്നാട് അതിർത്തിക്കുള്ളിലുമാണ് സ്ഥിതി ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly